പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5024 | 28.10.2016 ൽ മറുപടിയ്ക്ക്

## മെത്രാൻ കായലിൽ നെൽകൃഷി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഹൈബി ഈഡൻ | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മെത്രാൻ കായലിൽ നെൽകൃഷി ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ; | (എ) | 2016 പുഞ്ച സീസണിൽ മെത്രാൻ കായൽ പാടശേഖരത്തിൽ നെൽകൃഷി പുനരാരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. അടിസ്ഥാന സൗകര്യ വികസനം ഒരുക്കി കൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എസ്റ്റിമേറ്റ് തുക എത്രയാണെന്നും എത്ര ടൺ ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ: | (ബി) | മെത്രാൻ കായലിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി (വാച്ചാൽ വൃത്തിയാക്കൽ ബണ്ട് ബലപ്പെടുത്തൽ, വെള്ളം വറ്റിക്കൽ മോട്ടോർ പെട്ടി പറ തെളിയ്ക്കൽ, നിലം ഒരുക്കൽ മുതലായവ) 80 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകുകയുണ്ടായി. ഹെക്ടറിന് 6000 കിലോഗ്രാം എന്ന തോതിൽ നെല്ലുൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | മെത്രാൻ കായലിൽ നെൽകൃഷി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കൃഷി വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കുമരകം മെത്രാൻ കായൽ നെല്ലുൽപ്പാദക സമിതി എന്ന പേരിൽ രജിസ്ററർ ചെയ്ത കർഷക ഗ്രൂപ്പാണ് കൃഷിയിറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ജില്ലാ കളക്ടർ, കോട്ടയം ചെയർമാനായും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറായും ഒരു ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി മേൽ നോട്ടത്തിനായി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കുമരകം കൃഷി ഓഫീസറെ പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉയർന്നു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് രണ്ട് ആക്ഷേപങ്ങൾ ഉയർന്നു വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെത്രാൻ കായിലിൽ നെൽകൃഷിയ്ക്കായി വെള്ളം വറ്റിക്കുന്നത് മത്സ്യ സമ്പത്തിന് ദോഷകരമാണെന്ന ഒരു ആക്ഷേപം ഉയർന്നു വരികയും അതിന്മേൽ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യൂപി (സി) നം. 29740/2016 നം. കേസ് പ്രകാരം പരിഹാരം ഉണ്ടായിട്ടുള്ളതുമാണ്. മെത്രാൻ കായലിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകുമ്പോൾ കമ്പിനികളുടെ കൈവശമുള്ള നിലം ഉൾപ്പെടെ |

കൃഷിയിറക്കണമെന്നും അല്ലെങ്കിൽ അത് പ്രയോജന കരമായി വരില്ല എന്ന ഒരു ആക്ഷേപം ജില്ലാ തലത്തിൽ ലഭിച്ചിട്ടുള്ളതിനെ തുടർന്ന് കുമരകം പഞ്ചായത്തിലെ പ്രാദേശികതല നിരീക്ഷണ സമിതി പ്രസക്ത പ്രദേശത്ത് ഭൂമി കൈവശമുള്ള 31 കമ്പനികൾക്ക് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. അതേ സമയം മെത്രാൻ കായലിലെ ഭൂമി കൈവശം വെച്ച കമ്പനിയുടെ ഡയറക്ടർമാരുടെ പേരിൽ ഈ കായൽ നികത്തുവാൻ അനുമതി ആവശ്യപ്പെട്ട് കൃഷി ഭവനിൽ അപേക്ഷ നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**